കേരള സർക്കാർ
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
വിജ്ഞാപനം

ജി.ഒ.(പി) നമ്പർ. 131/2010/തസ്വഭവ. തിരുവനന്തപുരം, 2010 ജൂൺ 22.

**എസ്. ആർ. ഒ. നമ്പർ** 597/2010.- 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 20, 21, 36 എന്നീ വകുപ്പുകൾ 565-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, 2000 ഒക്ടോബർ 10-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 285/2000/ത.ഭ.വ നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2000 ഒക്ടോബർ 10-ാം തീയതിയിലെ 1832-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 950/2000 നമ്പരായി പ്രസിദ്ധപ്പെടുത്തിയ, 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2010-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.- 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ,-

(1) 2-ാം ചട്ടം (1)-ാം ഉപചട്ടത്തിന്റെ (സി) ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

'' (ഡി) ''വരണാധികാരി'' എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് അംഗങ്ങളെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻമാരെയും തെരഞ്ഞെടുക്കുന്നതിലേക്കായി വരണാധികാരിയായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു; ''

(2) 3-ാം ചട്ടത്തിന് പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

''3. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം.- ഒരു ടൗൺ പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ഉണ്ടായിരിക്കേണ്ട അംഗങ്ങളുടെ എണ്ണം പട്ടിക 1-ലും ഒരു മുനിസിപ്പൽ കൗൺസിലിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ഉണ്ടായിരിക്കേണ്ട അംഗങ്ങളുടെ എണ്ണം താഴെ പട്ടിക II -ലും ഒരു മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ഉണ്ടായിരിക്കേണ്ട അംഗങ്ങളുടെ എണ്ണം പട്ടിക III-ലും കാണിച്ചിരിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്,

(3) 3-ാം ചട്ടത്തിന്ശേഷം താഴെപ്പറയുന്ന ചട്ടംചേർക്കേണ്ടതാണ്, അതായത്:-

''3 എ. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും സ്ഥാനങ്ങളിലെ സ്ത്രീ സംവരണം.- (1) ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഒരു അംഗത്തിന്റെ സ്ഥാനം കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് 5-ാം ചട്ടം (1)-ാം ഉപചട്ടപ്രകാരം വിളിച്ചു കൂട്ടുന്ന യോഗത്തിൽ, സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട എല്ലാ സ്ഥാനങ്ങളിലേക്കും ആദ്യം തെരഞ്ഞെടുപ്പ് നടത്തേണ്ടതും തുടർന്നു

സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

(2) (i) ടൗൺ പഞ്ചായത്തിന്റെ കാര്യത്തിൽ, ഡെപ്യൂട്ടി ചെയർ പേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും,

(ii) മുനിസിപ്പൽ കൗൺസിലിന്റെ കാര്യത്തിൽ, ഡെപ്യൂട്ടി ചെയർ പേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും,-

(iii) മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ, ഡെപ്യൂട്ടിമേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള നാല് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും,-

21-ാം വകുപ്പ് (4 എ), (4ബി), (4സി) ഉപവകുപ്പുകൾ പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന ശേഷം ആദ്യമായി സ്ത്രീകൾക്കായി സംവരണംചെയ്യേപ്പെടേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ 20-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ ആയിരിക്കേണ്ടതും അപ്രകാരം സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളുടെ വിവരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതും, തുടർന്നുള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനുശേഷം, അപ്രകാരം സംവരണംചെയ്യേപ്പെടേണ്ട സ്ഥാനങ്ങളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ, ആവർത്തന ക്രമം പാലിച്ചുകൊണ്ടും 20-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിലും വീതിച്ചു നൽകിക്കൊണ്ട് അവയുടെ വിവരം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ''

(4) 4-ാം ചട്ടത്തിന്റെ,-

(i) (1)-ാം ഉപചട്ടത്തിൽ ''ചെയർപേഴ്സൺ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപചട്ടത്തിൽ, '' ചെയർപേഴ്സനെ'' എന്ന വാക്കിന് പകരം ''വരണാധികാരിയെ'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(5) 5-ാം ചട്ടത്തിന്റെ

(i) (1)-ാം ഉപചട്ടത്തിൽ ''സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗസംഖ്യ 3-ാം ചട്ട പ്രകാരം നിശ്ചയിക്കപ്പെട്ടതിന് ശേഷം ചെയർപേഴസൻ'' എന്ന വാക്കുകൾക്ക് പകരം, ''ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്തതിനുശേഷം അതിന്റെ ചെയർപേഴ്സനെയും ഡെപ്യൂട്ടി ചെയർപേഴ്സനെയും തെരഞ്ഞെടുത്തതിനും ശേഷവും പതിനഞ്ച് ദിവസത്തിനുള്ളിൽ വരണാധികാരി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപചട്ടത്തിന്പകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

'' (2) സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും, മേൽ നോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിരിക്കുന്നതാണ്''.

(iii) (2) -ാം ഉപചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

(6) 6-ാം ചട്ടത്തിന് കീഴിലുള്ള ക്ലിപ്ത നിബന്ധന പകരം താഴെ പറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:-

''എന്നാൽ ചെയർപേഴ്സൻ, ഡെപ്യൂട്ടി ചെയർപേഴ്സൻ, ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം, ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ എന്നിവർ സ്ഥാനാർത്ഥികളാകുവാൻ പാടില്ലാത്തതും അവരുടെ സ്ഥാനാർത്ഥിത്വം വരണാധികാരി പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു;

എന്നുമാത്രമല്ല, സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള അംഗത്തിന്റെ സ്ഥാനത്തേക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകുവാൻ പാടില്ലാത്തതുമാണ്; ''

(7) 7-ാം ചട്ടത്തിന്റെ,-

(i) (1) -ാം ഉപചട്ടത്തിൽ, ''ചെയർപേഴ്സനെ'' എന്ന വാക്കിന് പകരം''വരണാധികാരിയെ'' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപചട്ടത്തിൽ, ''അദ്ധ്യക്ഷൻ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപചട്ടത്തിൽ, ''അദ്ധ്യക്ഷൻ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iv) (5)-ാം ഉപചട്ടത്തിൽ, ''അദ്ധ്യക്ഷൻ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്കും, ''ഈ ആവശ്യത്തിനായി '' എന്ന വാക്കുകൾക്ക് ശേഷം ''വരണാധികാരി '' എന്ന വാക്കും ചേർക്കേണ്ടതാണ്;

(v) (6)-ാം ഉപചട്ടത്തിൽ, ''ആ സ്ഥാനത്തേക്ക് ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത മുനിസിപ്പാലിറ്റിയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗത്തെ ആ യോഗത്തിൽ വച്ച് ഉൾപ്പെടുത്തേണ്ടതും'' എന്ന വാക്കുകൾക്ക് പകരം, '' ആ സ്ഥാനത്തേക്ക്, സ്ത്രീ സംവരണ സ്ഥാനങ്ങൾ കണക്കിലെടുത്തുകൊണ്ട്, ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത ഒരു കൗൺസിലറെ, സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗമായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(vi) (7)-ാം ഉപചട്ടത്തിൽ, ''അംഗങ്ങളിൽ നിന്നും ''എന്ന വാക്കുകൾക്ക് പകരം ''അംഗങ്ങളെ'' എന്ന വാക്കും, ''യോഗത്തിന്റെ ഭൂരിപക്ഷ തീരുമാന പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതും'' എന്ന വാക്കുകൾക്ക് പകരം, ''യോഗത്തിന്റെ ഭൂരിപക്ഷ തീരുമാനവും സ്ത്രീ സംവരണ സ്ഥാനങ്ങളും കണക്കിലെടുത്തുകൊണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും'' എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(8) 8-ാം ചട്ടത്തിന്റെ,-

(i) (1)-ാം ഉപചട്ടത്തിൽ ''അദ്ധ്യക്ഷൻ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപചട്ടത്തിൽ ''അദ്ധ്യക്ഷന്'' എന്ന വാക്കിന് പകരം ''വരണാധികാരിക്ക് '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപചട്ടത്തിൽ ''അദ്ധ്യക്ഷൻ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(9) 9-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിൽ, '' ചെയർപേഴ്സൻ'' എന്ന വാക്കിന് പകരം ''വരണാധികാരികാരി'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(10) 10-ാം ചട്ടത്തിന്റെ,-

(i) (3)-ാം ഉപചട്ടത്തിൽ, ''ചെയർപേഴ്സൻ'' എന്ന വാക്കിന് പകരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും, മേൽനോട്ടത്തിനും, നിയന്ത്രണത്തിനും വിധേയമായി, വരണാധികാരി'' എന്ന വാക്കുകളും, ''പത്ത് ദിവസം'' എന്ന വാക്കുകൾക്ക് പകരം ''പതിനഞ്ച് ദിവസം'' എന്ന വാക്കുകളും ചേർക്കേണ്ടതും, ''തന്റെ അദ്ധ്യക്ഷതയിൽ '' എന്ന വാക്കുകൾ വിട്ടുകളയേണ്ടതു മാണ്;

(ii) (4)-ാം ഉപചട്ടത്തിനു പകരം, താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

''(4) ചെയർമാന്റെ തെരഞ്ഞെടുപ്പിൽ, സ്റ്റാന്റിംഗ് കമ്മിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന് സ്വയം നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ്''.

(iii) (4) (4)-ാം ഉപചട്ടത്തിനു കീഴിലുള്ള ക്ലിപ്ത നിബന്ധന വിട്ടു കളയേണ്ടതാണ്;

(iv) (4)-ാം ഉപചട്ടത്തിനു ശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

''(5) സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളിലേക്ക് സ്ത്രീകളല്ലാത്ത സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് സ്ഥാനാർത്ഥികളാകുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.''

(11) 11-ാം ചട്ടത്തിന്റെ,-

(i) (1)-ാം ഉപചട്ടത്തിൽ, ''ചെയർപേഴ്സണ്'' എന്ന വാക്കിന് പകരം ''വരണാധികാരിക്ക് '' എന്ന വാക്ക് ചേർക്കേണ്ടതും; (1)-ാം ഉപചട്ടത്തിന് ശേഷമുള്ള ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതുമാണ്.

(ii) (2)-ാം ഉപചട്ടത്തിൽ ''ചെയർപേഴ്സൺ '' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (3)-ാം ഉപചട്ടത്തിൽ ''ചെയർപേഴ്സൺ '' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iv) (4)-ാം ഉപചട്ടത്തിൽ ''ചെയർപേഴ്സൺ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(v) (5)-ാം ഉപചട്ടത്തിൽ ''ചെയർപേഴ്സന്'' എന്ന വാക്കിന് പകരം ''വരണാധികാരിക്ക് '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(vi) (6)-ാം ഉപചട്ടത്തിൽ ''ചെയർപേഴ്സൺ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(vii) (8)-ാം ഉപചട്ടത്തിൽ '' ചെയർപേഴ്സൺ'' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(viii) (9)-ാം ഉപചട്ടത്തിൽ '' ചെയർപേഴ്സൺ '' എന്ന വാക്കിന് പകരം ''വരണാധികാരി '' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ix) (9)-ാം ഉപചട്ടത്തിനു ശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:-

''(10) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെ തെരഞ്ഞെടുക്കുന്നതിന് വരണാധികാരി വിളിച്ചു കൂട്ടിയ യോഗത്തിൽ അംഗങ്ങൾ പങ്കെടുക്കാതിരിക്കുകയോ ഒരംഗവും നാമനിർദ്ദേശം സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗം ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും അക്കാര്യം , സ്റ്റാന്റിംഗ് കമ്മിറ്റി

അംഗങ്ങളെയും ചെയർപേഴ്സനെയും സെക്രട്ടറിയെയും രേഖാമൂലം അറിയിക്കേണ്ട തും, അപ്രകാരം ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട അംഗം ആ സ്ഥാനം വഹി ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേക്ക് ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെ ടുന്ന അംഗം ഒരു സ്ത്രീ ആയിരിക്കേണ്ടതാണ്. ''

(12) 14-ാം ചട്ടത്തിന്റെ (4)-ാം ഉപചട്ടത്തിൽ, ''കൗൺസിലിനെയും'' എന്ന വാക്കിന് ശേഷം, ''സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെയും വരണാധികാ രിയെയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

പട്ടിക - I

(ചട്ടം 3 കാണുക)

| ടൗൺ പഞ്ചായത്തിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ധനകാര്യം | വികസന കാര്യം | ക്ഷേമകാര്യം | ആരോഗ്യവും വിദ്യാഭ്യാസവും |
| (1) | (2) | (3) | (4) | (5) |
| 25 | 6 | 6 | 6 | 6 |
| 26 | 7 | 6 | 6 | 6 |
| 27 | 7 | 7 | 6 | 6 |
| 28 | 7 | 7 | 7 | 6 |
| 29 | 7 | 7 | 7 | 7 |
| 30 | 8 | 7 | 7 | 7 |
| 31 | 8 | 8 | 7 | 7 |
| 32 | 8 | 8 | 8 | 7 |
| 33 | 8 | 8 | 8 | 8 |
| 34 | 9 | 8 | 8 | 8 |
| 35 | 9 | 9 | 8 | 8 |
| 36 | 9 | 9 | 9 | 8 |
| 37 | 9 | 9 | 9 | 9 |
| 38 | 10 | 9 | 9 | 9 |
| 39 | 10 | 10 | 9 | 9 |
| 40 | 10 | 10 | 10 | 9 |
| 41 | 10 | 10 | 10 | 10 |
| 42 | 11 | 10 | 10 | 10 |
| 43 | 11 | 11 | 10 | 10 |
| 44 | 11 | 11 | 11 | 10 |
| 45 | 11 | 11 | 11 | 11 |
| 46 | 12 | 11 | 11 | 11 |
| 47 | 12 | 12 | 11 | 11 |
| 48 | 12 | 12 | 12 | 11 |
| 49 | 12 | 12 | 12 | 12 |
| 50 | 13 | 12 | 12 | 12 |
| 51 | 13 | 13 | 12 | 12 |
| 52 | 13 | 13 | 13 | 12 |

പട്ടിക II
(ചട്ടം 3 കാണുക)

| മുനിസിപ്പൽ കൗൺസിലിലെആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| | ധനകാര്യം | വികസന കാര്യം | ക്ഷേമ കാര്യം | ആരോഗ്യ കാര്യം | മരാമത്ത് കാര്യം | വിദ്യ്യാസ കലാ കായിക കാര്യം |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 25 | 4 | 4 | 4 | 4 | 4 | 4 |
| 26 | 5 | 4 | 4 | 4 | 4 | 4 |
| 27 | 5 | 5 | 4 | 4 | 4 | 4 |
| 28 | 5 | 5 | 5 | 4 | 4 | 4 |
| 29 | 5 | 5 | 5 | 5 | 4 | 4 |
| 30 | 5 | 5 | 5 | 5 | 5 | 4 |
| 31 | 5 | 5 | 5 | 5 | 5 | 5 |
| 32 | 6 | 5 | 5 | 5 | 5 | 5 |
| 33 | 6 | 6 | 5 | 5 | 5 | 5 |
| 34 | 6 | 6 | 6 | 5 | 5 | 5 |
| 35 | 6 | 6 | 6 | 6 | 5 | 5 |
| 36 | 6 | 6 | 6 | 6 | 6 | 5 |
| 37 | 6 | 6 | 6 | 6 | 6 | 6 |
| 38 | 7 | 6 | 6 | 6 | 6 | 6 |
| 39 | 7 | 7 | 6 | 6 | 6 | 6 |
| 40 | 7 | 7 | 7 | 6 | 6 | 6 |
| 41 | 7 | 7 | 7 | 7 | 6 | 6 |
| 42 | 7 | 7 | 7 | 7 | 7 | 6 |
| 43 | 7 | 7 | 7 | 7 | 7 | 7 |
| 44 | 8 | 7 | 7 | 7 | 7 | 7 |
| 45 | 8 | 8 | 7 | 7 | 7 | 7 |
| 46 | 8 | 8 | 8 | 7 | 7 | 7 |
| 47 | 8 | 8 | 8 | 8 | 7 | 7 |
| 48 | 8 | 8 | 8 | 8 | 8 | 7 |
| 49 | 8 | 8 | 8 | 8 | 8 | 8 |
| 50 | 9 | 8 | 8 | 8 | 8 | 8 |
| 51 | 9 | 9 | 8 | 8 | 8 | 8 |
| 52 | 9 | 9 | 9 | 8 | 8 | 8 |

പട്ടിക III(ചട്ടം 3 കാണുക)

| മുനിസിപ്പൽ കോർപ്പറേഷനിലെ ആകെ സ്ഥാനങ്ങളുടെ എണ്ണം | ചെയർമാൻ ഉൾപ്പെടെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|
| | ധനകാര്യം | വികസനകാര്യം | ക്ഷേമകാര്യം | ആരോഗ്യകാര്യം | മരാമത്ത് കാര്യം | നഗരാസൂത്രണ കാര്യം | നികുതി അപ്പീൽ കാര്യം | വിദ്യാഭ്യാസ കായികകാര്യം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 55 | 7 | 7 | 7 | 7 | 7 | 7 | 6 | 6 |
| 56 | 7 | 7 | 7 | 7 | 7 | 7 | 7 | 6 |
| 57 | 7 | 7 | 7 | 7 | 7 | 7 | 7 | 7 |
| 58 | 8 | 7 | 7 | 7 | 7 | 7 | 7 | 7 |
| 59 | 8 | 8 | 7 | 7 | 7 | 7 | 7 | 7 |
| 60 | 8 | 8 | 8 | 7 | 7 | 7 | 7 | 7 |
| 61 | 8 | 8 | 8 | 8 | 7 | 7 | 7 | 7 |
| 62 | 8 | 8 | 8 | 8 | 8 | 7 | 7 | 7 |
| 63 | 8 | 8 | 8 | 8 | 8 | 8 | 7 | 7 |
| 64 | 8 | 8 | 8 | 8 | 8 | 8 | 8 | 7 |
| 65 | 8 | 8 | 8 | 8 | 8 | 8 | 8 | 8 |
| 66 | 9 | 8 | 8 | 8 | 8 | 8 | 8 | 8 |
| 67 | 9 | 9 | 8 | 8 | 8 | 8 | 8 | 8 |
| 68 | 9 | 9 | 9 | 8 | 8 | 8 | 8 | 8 |
| 69 | 9 | 9 | 9 | 9 | 8 | 8 | 8 | 8 |
| 70 | 9 | 9 | 9 | 9 | 9 | 8 | 8 | 8 |
| 71 | 9 | 9 | 9 | 9 | 9 | 9 | 8 | 8 |
| 72 | 9 | 9 | 9 | 9 | 9 | 9 | 9 | 8 |
| 73 | 9 | 9 | 9 | 9 | 9 | 9 | 9 | 9 |
| 74 | 10 | 9 | 9 | 9 | 9 | 9 | 9 | 9 |
| 75 | 10 | 10 | 9 | 9 | 9 | 9 | 9 | 9 |
| 76 | 10 | 10 | 10 | 9 | 9 | 9 | 9 | 9 |
| 77 | 10 | 10 | 10 | 10 | 9 | 9 | 9 | 9 |
| 78 | 10 | 10 | 10 | 10 | 10 | 9 | 9 | 9 |
| 79 | 10 | 10 | 10 | 10 | 10 | 10 | 9 | 9 |
| 80 | 10 | 10 | 10 | 10 | 10 | 10 | 10 | 9 |
| 81 | 10 | 10 | 10 | 10 | 10 | 10 | 10 | 10 |
| 82 | 11 | 10 | 10 | 10 | 10 | 10 | 10 | 10 |
| 83 | 11 | 11 | 10 | 10 | 10 | 10 | 10 | 10 |
| 84 | 11 | 11 | 11 | 10 | 10 | 10 | 10 | 10 |
| 85 | 11 | 11 | 11 | 11 | 10 | 10 | 10 | 10 |
| 86 | 11 | 11 | 11 | 11 | 11 | 10 | 10 | 10 |
| 87 | 11 | 11 | 11 | 11 | 11 | 11 | 10 | 10 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 88 | 11 | 11 | 11 | 11 | 11 | 11 | 11 | 10 |
| 89 | 11 | 11 | 11 | 11 | 11 | 11 | 11 | 11 |
| 90 | 12 | 11 | 11 | 11 | 11 | 11 | 11 | 11 |
| 91 | 12 | 12 | 11 | 11 | 11 | 11 | 11 | 11 |
| 92 | 12 | 12 | 12 | 11 | 11 | 11 | 11 | 11 |
| 93 | 12 | 12 | 12 | 12 | 11 | 11 | 11 | 11 |
| 94 | 12 | 12 | 12 | 12 | 12 | 11 | 11 | 11 |
| 95 | 12 | 12 | 12 | 12 | 12 | 12 | 11 | 11 |
| 96 | 12 | 12 | 12 | 12 | 12 | 12 | 12 | 11 |
| 97 | 12 | 12 | 12 | 12 | 12 | 12 | 12 | 12 |
| 98 | 13 | 12 | 12 | 12 | 12 | 12 | 12 | 12 |
| 99 | 13 | 13 | 12 | 12 | 12 | 12 | 12 | 12 |
| 100 | 13 | 13 | 13 | 12 | 12 | 12 | 12 | 12 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ അതിൻെറ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 20-ഉം 21-ഉം വകുപ്പുകൾ ഭേദഗതി ചെയ്ത് ടൗൺ പഞ്ചായത്തുകളിലെലേയും കൗൺസിലുകളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണത്തിലും അവയുടെ ഘടനയിലും, അംഗങ്ങളുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ് രീതിയിലും മാറ്റങ്ങൾ വരുത്തകയുണ്ടായി. ആക്റ്റിലെ ഭേദഗതിയ്ക്കനുസൃതമായി ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും അംഗങ്ങളുടെ എണ്ണം ചട്ടങ്ങൾ പ്രകാരമാണ് നിശ്ചയിക്കേണ്ടത്. തെരഞ്ഞെടുപ്പിൽ സ്ത്രീ സംവരണത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിന് പുറമെ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ആക്റ്റിലെ ഈ ഭേദഗതികൾക്ക് അനുസൃതമായി 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലും ഭേദഗതികൾ ആവശ്യമാണ്. ചട്ടങ്ങളിലെ നിർവചനങ്ങളിൽ ''വരണാധികാരി '' എന്ന വാക്ക് ഉൾപ്പെടുത്തുന്നതിനും, സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണം വ്യക്തമാക്കുന്ന പട്ടികകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും, ആദ്യം സ്റ്റാന്റിംഗ് കമ്മിറ്റിയിലെ സ്ത്രീ സംവരണ സ്ഥാനത്തേക്കും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ മറ്റ് സ്ഥാനങ്ങളിലേക്കും തെരഞ്ഞെടുപ്പ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനും, സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ ആക്റ്റിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനും, അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള യോഗം മുനിസിപ്പാലി

റ്റിയുടെ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ചേരണമെന്നത് മാറ്റി വരണാധികാരിയുടെ നിയന്ത്രണത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനും, ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് വേണ്ടത്ര അംഗങ്ങൾ മത്സരിക്കാനില്ലെങ്കിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത ഒരു കൗൺസിലറെ പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗമായി നിശ്ചയിക്കുവാനും ഒന്നിലധികം സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് വേണ്ടത്ര അംഗങ്ങൾ മത്സരിക്കാനില്ലെങ്കിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലും അംഗമല്ലാത്ത കൗൺസിലർമാരെ, യോഗത്തിലെ ഭൂരിപക്ഷ തീരുമാന പ്രകാരം, അതത് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളായി നിശ്ചയിക്കുവാനും വരണാധികാരിക്ക് അധികാരം നൽകുന്നതിനും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തെരഞ്ഞെടുപ്പിൽ ഒരംഗത്തെ മറ്റൊരംഗം നാമനിർദ്ദേശം ചെയ്യണമെന്നതിന് പകരം ഏതൊരംഗത്തിനും സ്വയം നാമനിർദ്ദേശം ചെയ്യാമെന്ന് വ്യവസ്ഥ ചെയ്യുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തെരഞ്ഞെടുപ്പിനായി വിളിച്ചു കൂട്ടുന്ന യോഗത്തിൽ അംഗങ്ങൾ പങ്കെടുക്കാതിരിക്കുകയോ ഒരംഗവും നാമനിർദ്ദേശം നൽകാതിരിക്കുകയോ ചെയ്യുന്ന പക്ഷം, സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗത്തെ സ്ത്രീ സംവരണത്തിന് വിധേയമായി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേക്ക് നിശ്ചയിക്കുവാൻ വരണാധികാരിക്ക് അധികാരം നൽകുന്നതിനും വേണ്ടി ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.